# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ - 1390 | 02.07.2015- ലെ മറുപടിക്ക്

## വൻകിട അടിസ്ഥാന സൗകര്യ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ. ജെയിംസ് മാത്യൂ<br>ശ്രീ.എ.പ്രദീപ് കുമാർ<br>ശ്രീ.സാജു പോൾ | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രഖ്യാപിച്ച വൻകിട അടിസ്ഥാന സൗകര്യ പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രഖ്യാപിച്ച വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1.കൊച്ചി മെട്രോ റെയിൽ പദ്ധതി

2.കണ്ണൂർവിമാനത്താവളത്തിന്റെ അടിസ്ഥാനസൗകര്യ വികസനം

3.തിരുവനന്തപുരം/കോഴിക്കോട് മോണോ റെയിൽ/ലൈറ്റ് മെട്രോ പദ്ധതി

4.സബർബൻ റെയിൽ സർവ്വീസ്

5.മൊബിലിറ്റി ഹബ്ബുകൾ

6.ആലപ്പുഴയിലും കൊല്ലത്തും ബൈപ്പാസുകളുടെ നിർമ്മാണം

7.കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം-ഓഹരി വിതരണം ചെയ്യൽ

8.വ്യവസായ വികസന മേഖല

9.നാഷണൽ ഇൻവെസ്റ്റ്മെന്റ് മാനുഫാക്ചറിംഗ് സോൺ

10.പെട്രോളിയം. കെമിക്കൽ ആന്റ് പെട്രോ കെമിക്കൽ ഇൻവെസ്റ്റ്മെന്റ് റീജിയൻ(പി.സി.പി.ഐ.ആർ)

(ബി) അവ ഓരോന്നും ഇപ്പോൾ നടത്തിപ്പിന്റെ ഏതു ഘട്ടത്തിലെത്തി നിൽക്കുന്നുവെന്നറിയിക്കാമോ:

(ബി)

- കൊച്ചി മെട്രോയുടെ നിർമ്മാണ ആവശ്യങ്ങൾക്കുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതി 99% പൂർത്തിയാക്കികഴിഞ്ഞു.

- കണ്ണൂർ വിമാനത്താവളത്തിന്റെ റൺവേ, ടെർമിനൽ എന്നിവയുടെനിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.
- കേരള മോണോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ പത്താമത് ഡയറക്ടർ ബോർഡ് യോഗത്തിൽ. തിരുവന്തപുരത്തും

  കോഴിക്കോടും മോണോറെയിൽ പദ്ധതിക്ക് പകരമായി ലൈറ്റ് മെട്രോ · പദ്ധതിക്ക് അംഗീകാരമായിട്ടുണ്ട്
- സബർബൻ റെയിൽ സർവ്വീസ് : മുബൈ റെയിൽ വികാസ് കോർപ്പറേഷൻ തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ വിശദാംശങ്ങളും, പ്രത്യേക ഉദ്ദേശ്യയാനം രൂപീകരിക്കുന്നതിനുള്ള MOU ഉം കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.
- വൈറ്റില മൊബിലിറ്റി ഹബ്ബിന്റെ ഒന്നാം ഘട്ട പ്രവർത്തനങ്ങൾ പൂർത്തിയായി കഴിഞ്ഞു. രണ്ടാം ഘട്ട പ്രവർത്തനങ്ങൾ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരുന്നു.
- കൊല്ലത്തും,ആലപ്പുഴയിലുംബൈപ്പാസുകളുടെ നിർമ്മാണത്തിനായി ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിക്കുന്നു. ഇതിന്റെ ചെലവ് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ സംയുക്തമായാണ് വഹിക്കുന്നത്.
- കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ അന്താരാഷ്ട്രടെർമിനൽ കെട്ടിടം പണിയുന്നതിന് നാമമാത്ര വിഹിതമായി 1.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.
- വ്യവസായ വികസന മേഖലയ്ക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ നടന്നുവരുന്നു.
- നിംസിന് കേന്ദ്ര സർക്കാരിന്റെ അനുമതി

ലഭിക്കാത്തതിനാൽ ആരംഭിക്കാൻ സാധിച്ചില്ല.

- പി.സി.പി.ഐ.ആർ. ന് കേന്ദ്ര സർക്കാർ അനുമതി ലഭിക്കാത്തതിനാൽ പെട്രോ കെമിക്കൽ പാർക്ക്, കൊച്ചി എന്ന പേരിൽ സംസ്ഥാന പദ്ധതിയായി നടപ്പിലാക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) 2011-ലെ ബജറ്റിൽ പ്രഖ്യാപിച്ച അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഉൾപ്പെടെയുള്ളവയ്ക്ക് എന്തു തുകയാണ് ഇതുവരെ നീക്കിവെച്ചിട്ടുള്ളത്; അതിൽ എന്തു തുക ചെലവഴിക്കപ്പെട്ടു; വിശദമായ കണക്ക് ലഭ്യമാക്കുമോ;

(സി) അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ നടത്തിപ്പിനായി ഓരോ വർഷത്തെയും ബഡ്ജറ്റിൽ നാമമാത്ര വിഹിതമായി ഒരു ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടായിരുന്നു. അധിക തുക ആവശ്യമായി വരുന്ന വൻകിട പദ്ധതികൾക്ക് മേജർ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് പ്രോജക്ട് എന്ന ശീർഷകത്തിൽ നിന്നും ആവശ്യാനുസരണം തുക വിനിയോഗിക്കാവുന്നതാണ്. അനുവദിച്ചതുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | അനുവദിച്ചതുക (ലക്ഷം) | ചെലവഴിച്ച തുക (ലക്ഷം) |
|---|---|---|
| 1.കണ്ണൂർ എയർപോർട്ട് | 5000.00 | 4913.00 |
| 2.മെട്രോ റെയിൽകൊച്ചി | 54901.00 | 56145.19 |
| 3.മോണോ റെയിൽ | 2800.00 | 2800.00 |
| 4.സബർബൻ റെയിൽസർവ്വീസ് | 1013.35 | 1013.35 |

(ഡി) പ്രഖ്യാപിച്ച പല പദ്ധതികളും ആരംഭിക്കാൻ കഴിയാതിരുന്നതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ നല്കാമോ?

(ഡി) ഉണ്ട്.മേൽപദ്ധതികളിൽ

- സബ് അർബൻ റെയിൽ സർവ്വീസ്-കേന്ദ്ര സർക്കാരിന്റെഅംഗീകാരം ലഭിച്ചതിനുശേഷം ആരംഭിക്കും.
- നിംസിന് കേന്ദ്ര സർക്കാരിന്റെ അനുമതി

ലഭിക്കാത്തതിനാൽ ആരംഭിക്കാൻ സാധിച്ചില്ല.

- പി.സി.പി.ഐ.ആർ. ന് കേന്ദ്ര സർക്കാർ അനുമതി ലഭിക്കാത്തതിനാൽ പെട്രോ കെമിക്കൽ പാർക്ക്, കൊച്ചി എന്ന പേരിൽ സംസ്ഥാന പദ്ധതിയായി നടപ്പിലാക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.